**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3190** **26-06-2024 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി ബസ്സ്റ്റേ ടെർമിനൽ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി വലിയ പാലത്തോട് ചേർന്ന് ബസ്സ്റ്റേ ടെർമിനൽ നിർമ്മിക്കുന്നതിനായുള്ള സ്ഥലമെടുപ്പ് നടപടികൾക്കായി റിക്വിസിഷൻ റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത റിക്വിസിഷൻ നൽകേണ്ടത് ആരാണെന്ന് വിശദീകരിക്കാമോ; ഇതിന് ഉണ്ടായിരിക്കുന്ന കാലതാമസം എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ; | (എ) | കടുത്തുരുത്തി വലിയപാലത്തോട് ചേർന്ന് ബസ് ബേ ടെർമിനൽ നിർമ്മിക്കുന്നതിനായുള്ള സ്ഥലമെടുപ്പ് നടപടികൾക്കായി requisition റവന്യൂ വകുപ്പിന് നൽകിയിട്ടില്ല. പാലത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന തിനായി Boundary stone fix ചെയ്യുന്നതിനായി സ്ഥലം ഉടമകളുമായി ചർച്ച നടത്തിയെങ്കിലും ആവശ്യമായ സ്ഥലം വിട്ടു നൽകുന്നതിന് ഉടമകൾ എതിർപ്പ് അറിയിക്കുകയും ചെയ്തു. സ്ഥലം ഉടമകളുമായി ചർച്ച നടത്തി എതിർപ്പ് മാറി അംഗീകാരം നൽകുന്ന മുറയ്ക്ക് requisition നടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത requisition തയ്യാറാക്കി നൽകേണ്ടത് പാലങ്ങൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ആണ്. ഭൂമി ഏറ്റെടുക്കൽ നടപടികൾ വൈകുന്നത് കാരണമാണ് പ്രസ്തുത പ്രവൃത്തിയ്ക്ക് കാലതാമസം ഉണ്ടായിരിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്ക് സ്ഥലമേറ്റെടുപ്പിനായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | സ്ഥലമേറ്റെടുക്കുന്നതിനുള്ള തടസ്സം മാറുന്ന മുറയ്ക്ക് Requisition സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കാമോ; | (സി) | ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 04/02/2023 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം.121/2023/ പൊ.മ.വ പ്രകാരം പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട് |
| (ഡി) | പ്രസ്തുത പദ്ധതി സംബന്ധിച്ച് സി.ഇ./ ആർ.ഡി./2073/2018 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്ന് വ്യക്തമാക്കാമോ? | (ഡി) | സി.ഇ/ആർ.ഡി/2073/2018 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>ഏറ്റുമാനൂർ-എറണാകുളം സംസ്ഥാന പാത 15-ൽ ചെയിനേജ് 13/300 കിലോമീറ്ററിൽ കടുത്തുരുത്തി പാലത്തിന് സമാന്തരമായി ബസ് ബേ നിർമ്മിക്കുന്നതിനായി 2018-19 ലെ സംസ്ഥാന ബഡ്ജറ്റിൽ 11 കോടി രൂപ എസ്റ്റിമേറ്റ് തുകയുള്ള പ്രവൃത്തിക്കായി 2.20 കോടി (20%) |

| | | | |
|---|---|---|---|
| | | | വകയിരുത്തിയിരുന്നു. പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കുന്ന പ്രവൃത്തിയ്ക്കായി 5,46,000/- രൂപയുടെ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിരുന്നു. ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം കോട്ടയത്തിനായതിനാൽ പിന്നീട് നിരത്തുകൾ വിഭാഗം മുഖേന 03/08/2019 തീയതിയ്ക്ക് ശേഷം നടപടിയൊന്നും സ്വീകരിച്ചിരുന്നില്ല. നിലവിൽ പ്രസ്തുത ഫയൽ നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതാണ്. പാലങ്ങൾ വിഭാഗത്തിൽ പുതിയ ഫയൽ ആരംഭിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ